Dr. A. R. Poduval *(Director of Public Health and Panchayats)*.—Yes.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മിസ്റ്റർ കൃഷ്ണയ്യർ ഏതു ഗ്രേഡിലാണ് ഇപ്പോൾ ഇരിക്കുന്നത്?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats)*.— ർ ാ -ന്ാ .ൽ.

Road—Kattur Panchayat—maintenance of.

ാൻ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(ക) കാട്ടൂർ പഞ്ചായത്തിൽ കാട്ടൂർ കടവിൽനിന്നു കാട്ടൂർ ആസ്പത്രി, ഹൈസ്കൂൾ, റജിസ്ട്രാപ്പീസ്സ് മുതലായ സ്ഥലങ്ങളിലേക്കു പോകുന്ന പഞ്ചായത്തുവഴി സംരക്ഷണക്കു കഴിഞ്ഞ ാഠ കൊല്ലം എത്ര സംഖ്യ ചിലവാക്കീട്ടുണ്ട്; അതു ഏതേതു കൊല്ലങ്ങളിൽ;

(ഖ) പ്രസ്തുത വഴി പഞ്ചായത്തിൽനിന്നും ആദ്യമായി വെട്ടിച്ചു കാലത്തു പഞ്ചായത്തുപ്രസിഡെണ്ടു ആരായിരുന്നു;

(ന) പ്രസ്തുത വഴി ഇതുവരെ സംരക്ഷണ നടത്താതെ ഗതാഗതയോഗ്യമല്ലാതാക്കിത്തീർക്കുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(ർ) കാട്ടൂർ പഞ്ചായത്തിലെ ഏറവും പ്രധാനമായ പ്രസ്തുത പഞ്ചായത്തുവഴിയുടെ സംരക്ഷണക്കു പ്രസ്തുത പഞ്ചായത്തിലേക്കു വഴി സംരക്ഷണക്കു നീക്കിവെച്ചിട്ടുള്ള പണത്തിൽനിന്നും എടുത്തു് ഈ കൊല്ലംതന്നെ വേണ്ട സംരക്ഷണം നടത്തുന്നതിനു ഉടനെ വേണ്ടതു പ്രവൃത്തിക്കുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats)*.—

(ക) യാതൊരു സംഖ്യയും ചിലവാക്കീട്ടില്ല.

(ഖ) ഇതു പഞ്ചായത്തിൽനിന്നും വെട്ടിച്ചിട്ടുള്ളതല്ല.

(ന) ഇല്ല.

(ർ) ഇക്കൊല്ലത്തിൽ യാതൊരു സംഖ്യയും പ്രത്യേകമായി ചിലവുചെയ്യുവാൻ വഴി കാണുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— കാട്ടൂർ പഞ്ചായത്തിന്റെ രൂപീകരണത്തിനുശേഷം അവിടത്തെ ആദ്യത്തെ പ്രസിഡണ്ടു ആരായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats)*.— ആരായിരുന്നുവെന്ന അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മിസ്റ്റർ അബ്രഹാം പാനിക്കുളമായിരുന്നു എന്നറിയാമോ?

Mr. P. J. George *(Joint Secretary to Government)*.— Yes, he was.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അദ്ദേഹം പ്രസിഡണ്ടായിരുന്ന കാലത്തു ഈ പഞ്ചായത്തുവഴിക്കു വല്ലതും ചിലവു ചെയ്തതായി ഗവൺമെൻറിനു അറിയാമോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Joint Secretary to Government)*— അദ്ദേഹത്തിൻെറ കാലത്താണ് ഈ വഴി വെട്ടിയതു്. എന്താണ്ടു് ചിലവു ചെയ്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*— മേലാൽ ഈ വഴിയുടെ സംരക്ഷണക്കായി കൊല്ലന്തോറും ഒരു സംഖ്യ ഗവർമ്മെൻറിൽനിന്ന് ദയവായി അനുവദിക്കാമോ?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats.)*— അതിനു വേണ്ടുന്ന ഉത്സാഹം ചെയ്യാം.

Out-break of Small-pox—Information regarding.

210. Mr. T. A. Ramachandra Ayyar *(Nellayi)*.—

(a) Will the Government be pleased to state the total number of attacks and deaths of small-pox in the State this year;

(b) when did the epidemic make its appearance in Urakam and the neighbourhood and when did the authorities visit the place;

(c) what all actions were taken to prevent the spreading of the disease?

Dr. A. R. Poduval *(Director of Public Health and Panchayats)*. — (a) 96 and 24 respectively till 9th Makaram 1113.

(b) There were reports about stray cases in Urakam early in Vrischigam and necessary measures were adopted in such cases.

The first report about the incidence of small-pox in an epidemic form was received only on 10th Dhanu 1113. The

LIBRARY ARCHIVES Kerala Legislative Assembly